പഴമൊഴിപ്പെരുമ

മുരളീധരൻ തഴക്കര

പഴമൊഴികളുടെ മൊഴിയും പൊരുളും പറയുന്ന പുസ്തകം. വിദ്യാർത്ഥികൾക്ക് ഇതൊരു പഠന സഹായിയും ഒപ്പം സുഭാഷിതവുമാണ്. നമ്മുടെ പൈതൃകത്തെ കൂടുതൽ അറിയുന്നതിന് സഹായിക്കുന്ന ഈ പുസ്തകം വിദ്യാർത്ഥികൾക്ക് ഉപന്യാസരചനയ്ക്കുതകുന്ന മികച്ച റഫറൻസ് ഗ്രന്ഥമായിരിക്കുമെന്നതിൽ തർക്കമില്ല.

കവർ ഡിസൈൻ : ഡി സി ഡിസൈൻ സ്റ്റുഡിയോ

DC REFERENCE
ഒരു ഡിസി ബുക്സ് മുദ്രണം
www.dcbooks.com

9 788126 463831 00004

റഫറൻസ് | E-book available | POD | ₹ 130

പഴമൊഴിപ്പെരുമ • മുരളീധരൻ തഴക്കര

പഴമൊഴിപ്പെരുമ

മുരളീധരൻ തഴക്കര

4-ാം പതിപ്പ്

398.9 MUR/P
1720

പഴഞ്ചൊല്ലുകളും പൊരുളുകളും

വിദ്യാർത്ഥികൾക്ക് ഒരു ഉത്തമ പഠന സഹായി

College Of Avian Sciences & Management
LIBRARY
KVASU Thiruvazhamkunnu-678 601

ibrary TVK

398.9 MUR/P
CASMTVK
1720

1720

College Of Avian Sciences & Management
LIBRARY
KVASU Thiruvazhamkunnu-678 601

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 1720 Call No.

This book should be returned on or before the date last given below.

മുരളീധരൻ തഴക്കര

ആലപ്പുഴ ജില്ലയിലെ മാവേലിക്കര താലൂക്കിലെ തഴക്കരയിൽ ജനനം. അച്ഛൻ: എ. ഗോപിനാഥൻപിള്ള. അമ്മ: ഡി. സരസ്വതിയമ്മ. കേരള കാർഷികസർവ്വകലാശാലയിൽനിന്നും കൃഷിശാസ്ത്രത്തിൽ ബിരുദം. ആകാശവാണി തിരുവനന്തപുരം നിലയത്തിൽ കാർഷിക-ഗ്രാമീണവിഭാഗം പ്രോഗ്രാം എക്സിക്യൂട്ടീവ്. വികസനോന്മുഖ റേഡിയോ ഡോക്യുമെന്ററികൾക്ക് ദേശീയ – സംസ്ഥാന തലങ്ങളിൽ നിരവധി പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്. മുപ്പതു വർഷത്തിലേറെയായി ഫാം ജേർണലിസ്റ്റ് എന്ന നിലയിൽ വിവിധ പ്രസിദ്ധീകരണങ്ങളിൽ സ്ഥിരം പംക്തി എഴുതുന്നു. *കൃഷിയിലെ നാട്ടറിവ്, ഓർമ്മയിലെ കൃഷിക്കാഴ്ചകൾ, വിത്തും വിതയും, കാർഷികാചാരങ്ങൾ, കാഴ്ചയും വിചാരവും, നാട്ടുനന്മൊഴികൾ* എന്നിവ മുഖ്യ കൃതികൾ.

മുരളീധരൻ തഴക്കരയുടെ ഞങ്ങൾ പ്രസിദ്ധീകരിച്ച കൃതികൾ

ഓർമ്മയിലെ കൃഷിക്കാഴ്ചകൾ
പഴമൊഴിപ്പെരുമ

ഡി സി ബുക്സ് പ്രസിദ്ധീകരിച്ച റഫറൻസ് പുസ്തകങ്ങൾ പരിചയപ്പെടാൻ ക്യു ആർ കോഡ് സ്കാൻ ചെയ്യൂ.

മുരളീധരൻ തഴക്കര

പഴമൊഴിപ്പെരുമ

DC REFERENCE

കഴിഞ്ഞ മൂന്ന് പതിറ്റാണ്ടിലേറെയായി ഞാൻ കണ്ടുമുട്ടുകയും ആശയവിനിമയം നടത്തുകയും മണ്ണിന്റെ മണമുള്ള പ്രായോഗിക കൃഷിപാഠങ്ങൾ പങ്കുവെക്കുകയും ചെയ്ത നൂറുകണക്കിന് കൃഷിക്കാരുടെ സ്മരണയ്ക്കു മുന്നിൽ ഈ പുസ്തകം സവിനയം സമർപ്പിക്കുന്നു.

മുരളീധരൻ തഴക്കര

ഉള്ളടക്കം

"കല്ലാടും മുറ്റത്ത് നെല്ലാടില്ല" 17
"കാടരികെ തോടരികെ വീടരികെ കൊത്തരുത് " 20
"ആഹാരംതന്നെ ഔഷധം അദ്ധ്വാനംതന്നെ ആരോഗ്യം" 24
"മണ്ണറിഞ്ഞ് വളം ചെയ്താൽ കിണ്ണം നിറയെ ചോറുണ്ണാം" 28
"വിതച്ചതേ കൊയ്യൂ" 32
"കുന്നത്തു കന്ന് കുഴിയിൽ കുല" 35
"വെളുത്തതെല്ലാം പാലല്ല" 39
"മാമ്പൂ കണ്ടും മക്കളെ കണ്ടും മദിക്കരുത് " 42
"മത്തൻ കുത്തിയാൽ കുമ്പളം മുളയ്ക്കുമോ?" 45
"ഇരുന്നുണ്ട ചോറിനെക്കാൾ ഉഴുതുണ്ട ചോറിന് രുചിയേറും" 48
"അങ്ങാടിപ്പശു ആലയിൽ നിൽക്കില്ല" 51
"കൈയ്ക്ക് അരിച്ചാൽ കക്ക മുങ്ങിത്തപ്പിയാൽ മുത്ത്" 55
"അണ്ടിയോടടുത്താലേ മാങ്ങയുടെ പുളിയറിയൂ..." 58
"അടിസ്ഥാനം ഉറച്ചാലേ ആരൂഢം ഉറയ്ക്കൂ" 61
"കാട്ടിലെ തടി തേവരുടെ ആന... വലിയെടാ വലി!" 64
"പയറിട്ട പാടത്ത് പാതി വളം!" 67
"എലിയെ പേടിച്ച് ഇല്ലം ചുടുക" 70
"ആനയ്ക്ക് തടി ഭാരം; ഉറുമ്പിന് അരി ഭാരം" 73
"കൊന്ന പൂക്കുമ്പോൾ ഉറങ്ങിയാൽ മരുത് പൂക്കുമ്പോൾ പട്ടിണി" 76

“അടയ്ക്കയാണെങ്കിൽ മടിയിൽ വെക്കാം
അടയ്ക്കാ മരമായാലോ?’ 79
“ഉഴുന്ന കാള വിത്തറിയേണ്ട” 83
“ആന വായ് പിളർക്കുന്നതു കണ്ട് അണ്ണാൻ വായ്
പിളർന്നാലോ?” 86
“ആറ്റിൽ കളഞ്ഞാലും അളന്നു കളയണം” 89
“കതിരിൽ വളം വയ്ക്കരുത് ” 92
“വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും” 95
“ചന്ദനം ചാരിയാൽ ചന്ദനം മണക്കും” 98
“വാഴയ്ക്കു നനച്ചാൽ ചീരയ്ക്കും” 103
“ഇരുമുറിപ്പത്തായത്തിൽ ഒരു മുറി വിത്തിന് ” 106
“കാടിയായാലും മൂടിക്കുടിക്കണം” 109
“കാവു തീണ്ടിയാൽ കുളം വറ്റും’’ 111
“ഉണ്ടു മുഷിഞ്ഞവനോട് ഉരുള വാങ്ങണം!
കണ്ടു മുഷിഞ്ഞവനോടു കടംവാങ്ങണം!’’ 114
“കനമുള്ള കതിരേ തല ചായ്ക്കൂ’’ 117
“പൊന്നിട്ട മേനിയോ മേനി? ചോറിട്ട മേനിയോ മേനി?” 119
“തുള്ളികൊണ്ടു തുടച്ചാലേ തുടംകൊണ്ടു തേവാനാവൂ” 122
‘കുളിപ്പിച്ചു കുളിപ്പിച്ചു കുഞ്ഞില്ലാതാകുക’ 125

അവതാരിക

വിവേകത്തിന്റെ അമൃതിൻതുള്ളികൾ

പ്രൊഫ. എസ്. ശിവദാസ്

പഴഞ്ചൊല്ലുകളുടെയും കടങ്കഥകളുടെയും നാടൻപാട്ടുകളുടെയും കളികളുടെയും നടുവിലായിരുന്നു എന്റെ കുട്ടിക്കാലം. “മടിയൻ മല ചുമക്കും” എന്ന് അച്ഛൻ ഇടയ്ക്കിടെ ഓർമ്മിപ്പിച്ചിരുന്നു. “ഒരുമയുണ്ടെങ്കിൽ ഉലക്കമേലും കിടക്കാ”മെന്നു മക്കളോടെല്ലാവരോടുമായി പറയാനും അച്ഛൻ മറന്നില്ല. “പയ്യെ തിന്നാൽ പനയും തിന്നാ”മെന്നു പറഞ്ഞ് അമ്മ പ്രോത്സാഹിപ്പിച്ചിരുന്നു. “ഓണത്തിന് ഉറുമ്പിനും കൊടുക്കണേ”മെന്ന് ഒരു ഓണക്കാലത്ത് അമ്മ പറഞ്ഞു തന്നപ്പോഴായിരുന്നു ഞാൻ ശരിയായ ഓണം എന്ത് എന്നു മനസ്സിലാക്കിയത്. “സമ്പത്തുകാലത്തു തൈ പത്തു വച്ചാൽ ആപത്തുകാലത്തു കാ പത്തു തിന്നാം”എന്ന് അച്ഛൻ പാടിക്കേൾപ്പിച്ചത് ഒരു ചിങ്ങമാസത്തിൽ തെങ്ങിൻതൈകൾ കുഴിച്ചുവയ്ക്കുമ്പോഴായിരുന്നു. കാക്കക്കുഞ്ഞിനെ പിടിക്കാൻ ഓടിയ എന്റെ തലയിൽത്തന്നെ കാക്കയമ്മ കൊത്തിയപ്പോൾ എന്റെയമ്മ എന്നെ ആശ്വസിപ്പിച്ചതും ഒരു പഴഞ്ചൊല്ലു പറഞ്ഞായിരുന്നു, “കാക്കയ്ക്കും തൻപിള്ള പൊൻപിള്ള.” “മകരത്തിൽ മഴ പെയ്താൽ മലനാടു മുടിയും” എന്നു മുന്നറിയിപ്പുതന്നിരുന്ന കർഷകത്തൊഴിലാളികളെയും ഞാൻ മറന്നിട്ടില്ല.

വൈകുന്നേരങ്ങളിൽ അത്താഴം കഴിഞ്ഞ് ഇരിക്കുന്ന വേളകളിലായിരുന്നു ഞങ്ങളുടെ കടങ്കഥാകേളി. വീട്ടിൽ ടിവിയോ വൈദ്യുതിയോ ഒന്നുമില്ലാതിരുന്നതിനാൽ കുടുംബാംഗങ്ങൾക്ക് ഒന്നിച്ചിരുന്നു വർത്തമാനം പറയാനും കളിക്കാനും അന്ന് നേരമുണ്ടായിരുന്നു. “നാലുകാലുള്ളോരു നങ്ങേലിപ്പെണ്ണിനെ കോലുനാരായണൻ കട്ടോണ്ടു പോയതും”, “വാളാവളഞ്ചനും ചന്തയ്ക്കു പോയതും”, “ഒരമ്മ പെറ്റ മക്കളൊക്കെ തൊപ്പിക്കാരായതും” എല്ലാം പറഞ്ഞും ചോദിച്ചും ചിരിച്ചും ഞങ്ങൾ ആഹ്ലാദിച്ചപ്പോൾ ഞങ്ങളറിയാതെ ഞങ്ങളിൽ അറിവും ഭാഷാശേഷിയും പ്രകൃതിബോധവും എല്ലാം വളരുകയായിരുന്നു.

ഇന്ന് എഴുപതിന്റെ പടിയും കഴിഞ്ഞ് മൂന്നു വർഷങ്ങളുംകൂടി കഴിഞ്ഞപ്പോഴും അനായാസം എഴുതാൻ കഴിയുന്നത് ആ ബാല്യകാല പരിശീലനംകൊണ്ടാണ് എന്ന് ഇന്നു ഞാൻ തിരിച്ചറിയുന്നുണ്ട്. കൃഷി